# ജനാധികാരത്തിന്റെ സാധ്യതകൾ

**ഭക്ഷ്യസുരക്ഷയ്ക്കും ഭൂമിയുടെ വിനിയോഗത്തിനും ജൈവകൃഷിക്കും പ്രാധാന്യം ലഭിക്കണമെന്നും ജീവന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് പൊതുസമൂഹം പരിഗണന നൽകണമെന്നും**

**എസ്. ഉഷ**

# ഇന്നും ചെറുതെത്ര സുന്ദരം

**1.** കഴിഞ്ഞ സർക്കാറിന്റെ കാലത്ത് തുടങ്ങിയ പല ശ്രമങ്ങളുടെയും തുടർച്ചകളുണ്ടാകണം എന്നതാണ് കൃഷിയുടെ കാര്യത്തിൽ പ്രധാനമായും വേണ്ടത്. ജീവന്റെ നിലനിൽപ്പിന് കൃഷി എത്രമാത്രം അത്യന്താപേക്ഷിതമാണ് എന്നൊരു ചിന്ത ജനങ്ങളുടെ ഇടയിൽ ശക്തമാക്കാൻ കൃഷി വകുപ്പിന്റെ പല പരിപാടികളിലൂടെയും കഴിഞ്ഞു. കൃഷിവകുപ്പിലെ പല ഉദ്യോഗസ്ഥരും സജീവമായി. ഈ സജീവത നിലനിർത്താനുള്ള നടപടികൾ അടിയന്തിരമായി നടപ്പിൽ വരുത്തണം.


**2.** ഭക്ഷ്യസുരക്ഷയും ഭൂമിയുടെ വിനിയോഗവും പ്രധാന വിഷയമാണ്. വികലമായ വികസന കാഴ്ചപ്പാട് മൂലം വലിയ തോതിൽ ഭൂമി ദുർവിനിയോഗം ചെയ്യപ്പെടുന്നുണ്ട്. ആവശ്യമുള്ളതിലും എത്രയധികം ഭൂമിയാണ് നമ്മൾ വീട് വയ്ക്കുന്നതിനും റോഡുണ്ടാക്കുന്നതിനുമായി വിനിയോഗിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുടെ മാതൃക കേരളത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന്റെ മാനദണ്ഡമാക്കാൻ കഴിയില്ല. വികസനപ്രവർത്തനങ്ങൾക്കായി കേരളത്തിൽ വ്യാപകമായ തോതിൽ കൃഷി ഭൂമി ഏറ്റെടുക്കപ്പെടുന്നുണ്ട്. ഭക്ഷ്യസുരക്ഷ വികസനത്തിന്റെ ഒരു പ്രധാനമാനദണ്ഡമായി പരിഗണിക്കാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. സർക്കാറിന്റെ കൈവശം എത്രയധികം ഭൂമിയാണ് തരിശായി കിടക്കുന്നത്. ഭക്ഷ്യസുരക്ഷ അടിയന്തര വിഷയമായെടുത്ത് അവിടെയെല്ലാം കൃഷി നടത്താനുള്ള നടപടികൾ സ്വീകരിക്കണം.

**3.** ജൈവകൃഷി നയം സമ്പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയണം. രാസകൃഷിയെ പൂർണ്ണമായും നിരുത്സാഹപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. അടുത്ത അഞ്ച് വർഷം കൊണ്ട് ഭക്ഷ്യവിളകൾ പൂർണ്ണമായും ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളം മാറണം. അഞ്ച് കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ അതിനായി ഉൾപ്പെടുത്തിയിരുന്നു.

ഇത് വേണ്ടവിധം വിനിയോഗിക്കാൻ കഴിയണം. പല സ്ഥലങ്ങളിലും ജൈവകൃഷിയിലേക്ക് തിരിയാൻ കർഷകർ താത്പര്യമെടുക്കുന്നുണ്ട്. അവരെ സഹായിക്കാനുള്ള നടപടികൾ ഉണ്ടാകണം. വിത്ത് മുതൽ മാർക്കറ്റ് വരെ അവർക്ക് നൽകാൻ കഴിയണം. രാസ-കീടനാശിനികൾ കലരാത്ത ഭക്ഷണം വേണമെന്ന് ചിന്തിക്കുന്നവരുടെ എണ്ണം കേരളത്തിൽ കൂടിവരുന്നതിനാൽ ജൈവോത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ പ്രയാസമുണ്ടാകില്ല. കീടനാശിനി തളിച്ച പഴങ്ങൾ വേണ്ടെന്ന് അയൽസംസ്ഥാനങ്ങളോട് കർശനമായി പറയാൻ നമുക്ക് കഴിയണം. കാറിന്റെ കാര്യത്തിൽ കാണിക്കുന്ന ഒരു പർച്ചേസിംഗ് പവർ ഭക്ഷണത്തിന്റെ കാര്യത്തിലും കാണിക്കേണ്ടതുണ്ട്.

**4.** സ്കൂൾ സിലബസുകളിൽ കൃഷിക്ക് പ്രാധാന്യം കൊടുക്കണം. പ്രായോഗികമായി രീതിയിൽ അത് നടപ്പിലാക്കി കൃഷിയോട് താത്പര്യമുള്ള ഒരു തലമുറയെ വിദ്യാഭ്യാസത്തിലൂടെ വളർത്തിയെടുക്കാൻ കഴിയണം. കാർഷികാവബോധമുള്ള ഒരു തലമുറ വളർന്ന് വന്നാൽ മാത്രമേ കൃഷി നിലനിൽക്കുകയുള്ളൂ. ഏത് വിഷയം പഠിക്കുന്ന വ്യക്തിയും കൃഷിയുടെ അടിസ്ഥാന പാഠങ്ങൾ പഠിക്കാൻ തയ്യാറാകണം. മനുഷ്യവിഭവശേഷി ഐ.ടിയിൽ മാത്രമല്ല കൃഷിയിലും ഉപയോഗിക്കാൻ കഴിഞ്ഞാൽ മാത്രമേ നിലനിൽപ്പ് സാധ്യമാകൂ എന്ന തിരിച്ചറിവ് സമൂഹത്തിലുണ്ടാകണം.

**5.** തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയുമായി ബന്ധിപ്പിക്കണം. ഉത്പാദനമേഖലയിൽ ഇടപെടുന്നതിനാവശ്യമായ കഴിവുകൾ നശിപ്പിച്ചുകളയുന്ന തരത്തിലുള്ള ജോലികളാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഇപ്പോൾ കൂടുതലായി നടക്കുന്നത്. സർക്കാറിന്റെ കൈവശം തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തണം. പല സ്ഥാപനങ്ങളുടെ കീഴിലായി എത്രത്തോളം ഭൂമിയാണ് തരിശായി കിടക്കുന്നതെന്നും അവിടെ കാർഷികോത്പാദനം എത്രത്തോളം നടത്താമെന്നും അതിന് എത്രതൊഴിൽ വേണ്ടിവരുമെന്നും കൃത്യമായ കണക്കുണ്ടാക്കിയാൽ മാത്രമേ തൊഴിലുറപ്പ് പദ്ധതി വിജയകരമായി ഉപയോഗിക്കാൻ കഴിയൂ.



**പല സ്ഥലങ്ങളിലും ജൈവകൃഷിയിലേക്ക് തിരിയാൻ കർഷകർ താത്പര്യമെടുക്കുന്നു. അവരെ സഹായിക്കാനുള്ള നടപടികൾ ഉണ്ടാകണം. വിത്ത് മുതൽ മാർക്കറ്റ് വരെ അവർക്ക് നൽകാൻ കഴിയണം. രാസ – കീടനാശിനികൾ കലരാത്ത ഭക്ഷണം വേണമെന്ന് ചിന്തിക്കുന്നവരുടെ എണ്ണം കേരളത്തിൽ കൂടിവരുന്നതിനാൽ ജൈവോത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ പ്രയാസമുണ്ടാകില്ല.**

**6.** ജീവന്റെ അടിസ്ഥാന ആവശ്യമായ ജലം വളരെ മോശമായ രീതിയിലാണ് ഇവിടെ ഉപയോഗിക്കപ്പെടുന്നത്. ജലം സംരക്ഷിക്കുന്നതിന് ഒരോ വ്യക്തിയും പ്രയത്നിച്ചില്ലെങ്കിൽ ഉണ്ടാകുന്ന അപകടം വിദൂരത്തല്ല. പൊതുകിണറകളും കുളങ്ങളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കൊടുക്കണം. ജലസേചനം വികേന്ദ്രീകൃതമാക്കണം.

**7.** മാലിന്യമാണ് മറ്റൊരു പ്രശ്നം. കുറേ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഒന്നും ഫലപ്രാപ്തിയിലെത്തിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വിളപ്പിൽശാല പോലെയുള്ള പദ്ധതികൾക്ക് ജനങ്ങൾക്ക് ഉപദ്രവമായി മാറി. ഭരണകൂടത്തിന് മാത്രമല്ല, ജനങ്ങൾക്കും മാലിന്യത്തിന്റെ കാര്യത്തിൽ കൂട്ടായ ഉത്തരവാദിത്തമുണ്ട്. മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ജനങ്ങൾ മുൻകൈയെടുക്കണം.

**8.** യുവത്വം വളരെയധികം പ്രതിസന്ധികൾ നേരിടുന്നുണ്ട്. വലിയൊരു വിഭാഗം യുവാക്കൾ ക്രിയാത്മകമായ പ്രവർത്തികളിൽ നിന്നും പിൻവലിയുമ്പോൾ കൃഷി പോലെയുള്ള വിഷയങ്ങളിൽ താത്പര്യം കാണിക്കുന്നവർക്ക് പലപ്പോഴും വേണ്ടത്ര പിന്തുണ കിട്ടാതെ പോകുന്നു. പരിസ്ഥിതി താപ്ര്യമുള്ളവരുടെ മുതിർന്ന തലമുറ പുതിയ തലമുറയുമായി സംവദിക്കാൻ കുറച്ചുകൂടി താത്പര്യമെടുക്കണം. രണ്ട് തലമുറയ്ക്കും ഒത്തൊരുമിക്കാനുള്ള ഫോറങ്ങളുണ്ടാകണം.

**9.** എൺപതുകളിൽ സജീവമായിരുന്ന ചെറുതെത്ര സുന്ദരം (സ്മോൾ ഈസ് ഫ്യൂട്ടിഫുൾ) എന്ന ചിന്ത ഇന്ന് ഒരു ചർച്ചയല്ലാതെയായി. അതിന്റെ ദുരന്തം എല്ലാ മേഖലകളിലും ദൃശ്യമാണ്. ആ ചർച്ച തിരിച്ചുകൊണ്ടുവരണം. ജനസംഖ്യ കൂടിയതല്ല ഇവിടെ പ്രശ്നം. ഇപ്പോൾ ഉള്ള ജനസംഖ്യതന്നെ ഉപയോഗിക്കുന്ന വിഭവങ്ങളുടെ അളവ് വളരെ കൂടുതലാണ്. ഈ രീതിയിൽ വിഭവങ്ങളുടെ ക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ സ്മോൾ ഈസ് ഫ്യൂട്ടിഫുൾ എന്ന ചിന്തയക്ക് പ്രാധാന്യമേറുകയാണ്.

**സംസ്ഥാന ജൈവകർഷക സംഗമം**

2011 മെയ് 6,7,8 തീയതികളിൽ

പട്ടാമ്പിക്കടുത്ത് ഞാങ്ങാട്ടിരിയിൽ

ബന്ധങ്ങൾക്ക്: 9447962242